**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2892** **10-03-2025 - ൽ മറുപടിയ്ക്ക്**

**നാട്ടാന പരിപാലന നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ നാട്ടാനകളുടെ ആക്രമണത്തിൽ എത്രപേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ നാട്ടാന-കൾ ഇടഞ്ഞതിൽ 37 പേർ മരണപ്പെട്ടിട്ടുണ്ട്. നാട്ടാനകളുടെ ആക്രമണം മൂലമുള്ള നാശനഷ്ടങ്ങൾക്ക് വനം വകുപ്പിൽ നിന്ന് നഷ്ടപരിഹാരം നൽകുന്നില്ല എന്നതിനാൽ നാട്ടാന മൂലമുള്ള അക്രമത്തിന്റെ നാശനഷ്ടം സംബന്ധിച്ചും നാട്ടാനകൾ ഇടഞ്ഞതിൽ പരിക്കേറ്റവരുടെ എണ്ണം സംബന്ധിച്ചുമുള്ള കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല. |
| (ബി) | പ്രസ്തുത കാലയളവിൽ എത്ര നാട്ടാനകൾ മരണപ്പെട്ടിട്ടുണ്ട്; എന്തെങ്കിലും തരത്തിലുള്ള അപകടങ്ങളെ തുടർന്ന് എത്ര നാട്ടാനകൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ 229 നാട്ടാനകൾ ചരിഞ്ഞിട്ടുണ്ട്. അതിൽ അപകടത്തിൽ പെട്ട് ഒരു നാട്ടാനയാണ് ചരിഞ്ഞിട്ടുള്ളത്. |
| (സി) | നാട്ടാന പരിപാലന നിയമത്തിന്റെ ലംഘനത്തെ തുടർന്ന് മേൽ പരാമർശിച്ചിരിക്കുന്ന കാലയളവിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; നാട്ടാന പരിപാലന നിയമം കർശനമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | നാട്ടാന പരിപാലന നിയമത്തിന്റെ ലംഘനത്തെ തുടർന്ന് 2016 മുതൽ നാളിതുവരെ 186 OR കേസുകൾ രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. നാട്ടാന പരിപാലന നിയമം കർശനമായി നടപ്പാക്കുന്നതിന് വനം വകുപ്പിന്റെ സാമൂഹിക വനവത്കരണ വിഭാഗം ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ